**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **12-02-2025 - ൽ മറുപടിയ്ക്ക്**

**അയിലം സ്കൂളിന് ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ മുദാക്കൽ ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അയിലം ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ അധീനതയിലുണ്ടായിരുന്ന എത്ര സെന്റ് ഭൂമി അയിലം പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ; | (എ) | ചിറയിൻകീഴ് താലൂക്കിൽ മുദാക്കൽ വില്ലേജിൽ ബ്ലോക്ക് 45-ൽ റീസർവ്വേ 77/11-ൽ 20.80 ആർ സ്ഥലം അയിലം ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ളതിൽ നിന്നും 03.30 ആർ ഭൂമി അയിലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള എത്ര സെന്റ് പുറമ്പോക്ക് ഭൂമി സ്കൂളിന് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ഏറ്റെടുത്ത ഭൂമിക്ക് പകരമായി ചിറയിൻകീഴ് താലൂക്കിൽ മുദാക്കൽ വില്ലേജിൽ ബ്ലോക്ക് 45-ൽ റീസർവ്വേ 132/1-ൽ ഉൾപ്പെട്ട 1.13 ആർ (02.79 സെന്റ്) റോഡ് പുറമ്പോക്ക് ഭൂമി അയിലം ഗവൺമെന്റ് ഹൈസ്കൂളിനു വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഭൂമി കൈമാറ്റത്തിനുള്ള വകുപ്പ് മേധാവിയുടെ അർത്ഥനാപത്രം സഹിതം ഭൂമി കൈമാറ്റ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ